കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ:B2/132/2025-SEC-Part(1) തീയതി: 31-10-2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർ

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് - സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ള രേഖകൾ നശിപ്പിക്കുന്നതും സ്ഥലസൗകര്യം ഉറപ്പാക്കുന്നതും - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1) കമ്മീഷന്റെ 29.12.2021 ലെ ബി1/123/2021-സം.തി.ക നമ്പർ ഉത്തരവ്.

2) കമ്മീഷന്റെ 25.09.2023 ലെ ബി1/123/2021- സം.തി.ക നമ്പർ ഉത്തരവ്.

2020-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ള എല്ലാ രേഖകളും കോടതി കേസുകളോ, മറ്റുവിധത്തിൽ കോടതി ഉത്തരവുകളോ ഇല്ലാത്തപക്ഷം 2022 ജനുവരി 25 ന് മുമ്പ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ നശിപ്പിക്കുന്നതിന് സൂചന (1) ലെ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. അതോടൊപ്പം, 2020-ലെ പൊതുതിരഞ്ഞെടുപ്പിനുശേഷം നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ ഉപയോഗിച്ച രേഖകളും കോടതി കേസോ മറ്റ് വിധത്തിൽ കോടതി ഉത്തരവുകളോ ഇല്ലാത്തപക്ഷം ഫലപ്രഖ്യാപന തീയതി മുതൽ ഒരു വർഷ കാലാവധി പൂർത്തിയാകുന്ന മുറക്ക് അതത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ നശിപ്പിക്കുന്നതിന് സൂചന (2) ലെ ഉത്തരവ് പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

2025-ലെ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന രേഖകൾ സുഗമമായി ട്രഷറികളിൽ സുരക്ഷിത സൂക്ഷിപ്പിൽ വയ്ക്കാൻ സ്ഥലസൗകര്യം ലഭ്യമാക്കുന്ന ആവശ്യത്തിലേക്കായി 2020-ലെ പൊതുതിരഞ്ഞെടുപ്പിലും, അതിനുശേഷം നടന്ന ഉപതിരഞ്ഞെടുപ്പുകളിലും ഉപയോഗിച്ചതും, അതിലെ നിയമവ്യവഹാരങ്ങൾ പൂർത്തീകരിച്ചവയും ഇപ്പോഴും സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ളതുമായ

രേഖകൾ എന്തെങ്കിലും നിലവിലുണ്ടെങ്കിൽ അവ ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറി, വരണാധികാരി എന്നിവർ ചേർന്ന് പരിശോധിച്ച് സൂചന (1), (2) ഉത്തരവുകളിലെ നിർദ്ദേശം പാലിച്ചുകൊണ്ട് അടിയന്തരമായി നശിപ്പിക്കുന്നതിനും, 2025-ലെ പൊതുതിരഞ്ഞെടുപ്പ് കഴിഞ്ഞ് രേഖകളുടെ സുരക്ഷിത സൂക്ഷിപ്പിനായി ട്രഷറികളിൽ സ്ഥലസൗകര്യമുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നിർദ്ദേശം നൽകുന്നു. അപ്രകാരം നശിപ്പിക്കുമ്പോൾ അവ **ഫലപ്രഖ്യാപനശേഷം ഒരു വർഷ കാലാവധി പൂർത്തിയാക്കിയിട്ടുണ്ടെന്നും കോടതികേസുകൾ നിലവിലില്ലായെന്നും ഉറപ്പാക്കേണ്ടതാണ്.** ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഇത് സംബന്ധിച്ച നടപടിപൂർത്തികരണ റിപ്പോർട്ട് ഒരാഴ്ചയ്ക്കകം കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 31-10-2025 12:30:56

PRAKASH.B.S

SECRETARY

പകർപ്പ് :-

1. എല്ലാ വരണാധികാരികൾക്കും തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും
2. കമ്മീഷനിലെ എല്ലാ നോഡൽ ഓഫീസർമാർക്കും
3. ഐ.ടി സെൽ
4. കമ്മീഷണറുടെ പി.എസ്

I/20613/2023
I/20613/2023

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്
(ഹാജർ: സുരേന്ദ്രൻ പിള്ള.ബി)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ട്രഷറികളിൽ സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ള രേഖകൾ നശിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 29.12.2021 ലെ ബി1/123/2021/സം.തി.ക നമ്പർ ഉത്തരവ്.

ഉത്തരവ് നം. ബി1/123/2021/സം.തി.ക. തീയതി. 25-09-2023

**<u>ഉത്തരവ്</u>**

2020 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സുരക്ഷിത സൂക്ഷിപ്പിൽ വച്ചിരുന്ന എല്ലാ രേഖകളും കോടതി കേസുകളോ മറ്റ് വിധത്തിൽ കോടതി ഉത്തരവുകളോ ഇല്ലാത്തപക്ഷം നശിപ്പിക്കുന്നതിന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ച് പരാമർശം (1) പ്രകാരം കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2020 ലെ പൊതു തിരഞ്ഞെടുപ്പിനുശേഷമുള്ള ഉപതിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട ടെൻഡേർഡ് ബാലറ്റ് പേപ്പറുകളുടെ പാക്കറ്റുകൾ, വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പ് അടങ്ങിയ പാക്കറ്റുകൾ, വോട്ട് രജിസ്റ്റർ തുടങ്ങിയ സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ള എല്ലാ രേഖകളും കോടതി കേസുകളോ മറ്റ് വിധത്തിൽ കോടതി ഉത്തരവുകളോ ഇല്ലാത്തപക്ഷം ഫലപ്രഖ്യാപന തീയതി മുതൽ ഒരുവർഷക്കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് അതത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നശിപ്പിക്കാൻ ഏർപ്പാടാക്കേണ്ടതാണ്.

സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ളതും മേൽപ്പറഞ്ഞ കാലപരിധി കഴിഞ്ഞതുമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ കൺട്രോൾ യൂണിറ്റുകളും ഡിറ്റാച്ചബിൾ മെമ്മറി മൊഡ്യൂളുകളും സുരക്ഷിത സൂക്ഷിപ്പിൽനിന്ന് തിരികെയെടുത്ത് ഫസ്റ്റ് ലെവൽ ചെക്കിങ് ആവശ്യത്തിലേയ്ക്ക് ജില്ലകളിലെ വെയർഹൗസിൽ സൂക്ഷിക്കേണ്ടതാണ്.

Surendran Pillai B
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും

പകർപ്പ്:-

എല്ലാ വരണാധികാരികൾക്കും ഉപ വരണാധികാരികൾക്കും
കമ്മീഷനിലെ എല്ലാ നോഡൽ ഓഫീസർമാർക്കും
ഐ.ടി സെൽ (കമ്മീഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

I/20613/2023
I/20613/2023

കമ്മീഷണറുടെ പി.എസ് ന്
കമ്മീഷണറുടെ സി.എ യ്ക്ക്
സെക്രട്ടറിയുടെ സി.എ യ്ക്ക്
സ്റ്റോക്ക് ഫയൽ / ആഫീസ് കോപ്പി.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടിക്രമം
(ഹാജർ: എസ്. മോഹൻദാസ്)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2020 ലെ പൊതുതിരഞ്ഞെടുപ്പ് - തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ള രേഖകൾ നശിപ്പിക്കുന്നത് -അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- 1.സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 08/12/2016-ലെ നമ്പർ. 579/2016/ബി/സം.തി.ക നമ്പർ ഉത്തരവ്

2.സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 01/04/2019-ലെ നമ്പർ.178/2019/ബി1/സം.തി.ക നമ്പർ ഉത്തരവ്

ഉത്തരവ് നം. B1/123/2021-SEC തീയതി. 29/12/2021

## **<u>ഉത്തരവ്</u>**

1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 55 എ (2) ഉം 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 55 (2) ഉം പ്രകാരം തിരഞ്ഞെടുപ്പിൽ സാധുവായതും തള്ളിക്കളയപ്പെട്ടതും റദ്ദാക്കപ്പെട്ടതും ടെന്റേർഡ് ബാലറ്റായി ഉപയോഗിച്ചതുമായ ബാലറ്റ് പേപ്പറുകളുടെ പായ്ക്കറ്റുകളും ഉപയോഗിക്കപ്പെടാത്ത ബാലറ്റ് പേപ്പറുകളുടെ പായ്ക്കറ്റുകളും അടയാളപ്പെടുത്തിയ വോട്ടർപ്പട്ടികകളുടെ പായ്ക്കറ്റുകളും മെമ്മറി ചിപ്പ് അടങ്ങിയ പായ്ക്കറ്റുകളും വോട്ട് രജിസ്റ്റർ അടങ്ങിയ കവറും തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന മറ്റ് എല്ലാ രേഖകളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സുരക്ഷിതമായ സൂക്ഷിപ്പിൽ വയ്ക്കേണ്ടതും ക്ഷമതയുള്ള ഒരു കോടതിയുടെ ഉത്തരവിൻ പ്രകാരമല്ലാതെ അത്തരം പായ്ക്കറ്റുകൾ തുറക്കുകയോ അവയുടെ ഉള്ളടക്കം പരിശോധിക്കുകയോ ഏതെങ്കിലും വ്യക്തിയുടേയോ അധികാരസ്ഥാനത്തിന്റേയോ മുമ്പാകെ അവ ഹാജരാക്കുകയോ ചെയ്യാൻ പാടില്ലാത്തതും അവ മറ്റ് വിധത്തിൽ കോടതി ഉത്തരവില്ലാത്തപക്ഷം ഫലപ്രഖ്യാപന തീയതി മുതൽ ഒരു വർഷ കാലയളവിന് ശേഷം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയോടെ നശിപ്പിക്കാൻ ഏർപ്പാടാക്കേണ്ടതുമാണ്. സംസ്ഥാനത്ത് 2015 ലെ പൊതുതിരഞ്ഞെടുപ്പിലും അതിനുശേഷം നടന്ന ഉപതിരഞ്ഞെടുപ്പുകളിലും സുരക്ഷിത സൂക്ഷിപ്പിൽ വച്ചിരുന്ന തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രേഖകൾ അത്തരത്തിൽ നശിപ്പിക്കുന്നതിന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ച് പരാമർശം 1,2 പ്രകാരം കമ്മീഷൻ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്ത് എല്ലാ ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളിലും, മട്ടന്നൂർ ഒഴികെയുള്ള മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും 2020 ഡിസംബർ 8,10,14 തീയതികളിൽ പൊതുതിരഞ്ഞെടുപ്പ് നടത്തുകയും ഫലപ്രഖ്യാപനം ഡിസംബർ 16 ന് പൂർത്തിയാക്കുകയും ചെയ്തിരുന്ന സാഹചര്യത്തിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ള രേഖകൾ കോടതി കേസുകളോ മറ്റ് വിധത്തിൽ കോടതി ഉത്തരവുകളോ ഇല്ലാത്ത പക്ഷം 2021 ഡിസംബർ 16 നോ അതിന് ശേഷമോ അതാത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നശിപ്പിക്കാൻ ഏർപ്പാടാക്കേണ്ടതായിരുന്നു. എന്നാൽ ബഹു.സുപ്രീം കോടതിയുടെ Re: Cognizance for Extension of Time കേസിലെ 23.09.2021

തിയതിയിലെ ഉത്തരവ് പ്രകാരം 15 03 2020 നും 02 10 2021 നും മദ്ധ്യേയുള്ള limitation period കോടതി exclude ചെയ്തിട്ടുള്ളതും 03 10 2021 മുതൽ 90 ദിവസം വരെ കൂട്ടതലായി limitation period അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം തിരഞ്ഞെടുപ്പ് ഹർജ്ജി ഫയൽ ചെയ്യുന്നതിന് 01 01 2022 വരെ കഴിയുന്നതാണ്.

മേൽ സാഹചര്യത്തിൽ, 2020-ലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ടെന്റേർഡ് ബാലറ്റ് പേപ്പറുകളുടെ പായ്ക്കറ്റുകൾ, വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പ് അടങ്ങിയ പായ്ക്കറ്റുകൾ, വോട്ട് രജിസ്റ്റർ തുടങ്ങി സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ള എല്ലാ രേഖകളും കോടതി കേസുകളോ മറ്റ് വിധത്തിൽ കോടതി ഉത്തരവുകളോ ഇല്ലാത്തപക്ഷം 2022 ജനുവരി 10 ന് ശേഷം അതാത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നശിപ്പിക്കാൻ ഏർപ്പാടാക്കേണ്ടതാണ്.

സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ളതും മേൽപ്പറഞ്ഞ കാലപരിധി കഴിഞ്ഞതുമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ കൺട്രോൾ യൂണിറ്റുകളും ഡി .എം.എം (ഡിറ്റാച്ചിബിൾ മെമ്മറി മൊഡ്യൂൾ)കളും സുരക്ഷിത സൂക്ഷിപ്പിൽ നിന്ന് തിരികെ എടുത്ത് ഫസ്റ്റ് ലെവൽ ചെക്കിംഗ് ആവശ്യത്തിലേക്ക് ജില്ലകളിലെ വെയർഹൗസിൽ സൂക്ഷിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ പ്രവൃത്തികൾ 25/01/2022 ന് മുമ്പ് തന്നെ പൂർത്തിയാക്കി അതാത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

എസ്. മോഹൻദാസ്,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ &
സെക്രട്ടറി(i/c)

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും

പകർപ്പ്:-

എല്ലാ വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും
കമ്മീഷനിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
കംമ്പ്യൂട്ടർ പ്രോഗ്രാമർ(കമ്മീഷന്റെ വെബ്സൈറ്റിൽ പ്രദ്ധീകരിക്കുന്നതിനായി)
കമ്മീഷണറുടെ പി.എസ്
കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.